**ക്രമപ്രശ്നം**

<u>നിയമവിരുദ്ധമായി ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച്</u>

<u>ശ്രീ. റോജി എം. ജോൺ</u>: സർ, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിലെ 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ' വ്യവസ്ഥപ്രകാരമെന്ന് ചൂണ്ടിക്കാണിച്ച് 26.07.2021-ന് സർക്കാർ ഒരു എക്സിക്യൂട്ടീവ് ഉത്തരവിറക്കിയത് പ്രസ്തുത ആക്ടിൽ 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ' വകുപ്പിന് വിരുദ്ധമായിട്ടാണ്. വകുപ്പ് 63 പ്രകാരം 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ' എന്നതിൽ രണ്ട് കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. ' ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുമൂലം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ആ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ് '. നിയമസഭ പാസ്സാക്കിയ നിയമം നടപ്പിലാക്കുന്ന ഘട്ടത്തിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ വന്നപ്പോൾ അതിൽ മാറ്റം വരുത്തുന്നതിനുവേണ്ടി 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ' വകുപ്പിൽത്തന്നെ പറഞ്ഞിരിക്കുന്നത്, 'ഗസറ്റിൽ പ്രസിദ്ധീകരിച്ച

ഉത്തരവുമൂലം' അത് ചെയ്യണമെന്നാണ്. അങ്ങനെ പറഞ്ഞിരിക്കെ, ഇവിടെ സർക്കാർ അതിന് വിരുദ്ധമായി ഒരു എക്സിക്യൂട്ടീവ് ഉത്തരവിറക്കി അതിൽ മാറ്റം വരുത്തിയിരിക്കുന്നത് ഈ വകുപ്പിനുതന്നെ വിരുദ്ധമായിട്ടുള്ള ഒന്നാണ് എന്നതാണ് ഒരു കാര്യം. രണ്ടാമത്തെകാര്യം 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ' വകുപ്പിൽ വളരെ കൃത്യമായി പറയുന്നത്. ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത കാര്യങ്ങൾക്ക് മാത്രമാണ് അത് ഉപയോഗിക്കാൻ സാധിക്കുന്നതെന്നാണ്. അത്തരത്തിലുള്ള എന്തെങ്കിലും കാര്യങ്ങൾ നടപ്പിലാക്കേണ്ടതായിട്ടുണ്ടെങ്കിൽ സർക്കാർ അത് നിയമ ഭേദഗതിയിലൂടെ ചെയ്യേണ്ടതാണെന്നും പറയുന്നുണ്ട്. അല്ലെങ്കിൽ എസ്.ആർ.ഒ.-ആയി കൊണ്ടുവന്ന് ഗസറ്റിൽ പ്രസിദ്ധീകരിച്ച് സഭയിൽ കൊണ്ടുവരാവുന്നതാണ്. അത്തരം കീഴ്വഴക്കം ഇവിടെ ഇതിനുമുമ്പ് ഉണ്ടായിട്ടുമുണ്ട്. 2012-ൽ സേവനാവകാശനിയമം നടപ്പിലാക്കിയപ്പോൾ അതിലുണ്ടായ ചില പ്രാക്ടിക്കൽ ബുദ്ധിമുട്ടുകൾ നീക്കം ചെയ്യുന്നതിനുവേണ്ടി, വൈഷമ്യം നീക്കം ചെയ്യുന്നതിനുള്ള പ്രൊവിഷൻ ഉപയോഗിച്ചുകൊണ്ടുതന്നെ 2013-ലെ ഒരു ഗസറ്റ് ഉത്തരവിലൂടെ അതിനാവശ്യമായ ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. സമയക്കുറവുമൂലം ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല.

അത്തരത്തിലുള്ള കീഴ്വഴക്കം ഈ സഭയിൽത്തന്നെ ഉണ്ടായിട്ടുണ്ടെന്നുള്ളത് ചൂണ്ടിക്കാണിക്കുകയാണ്. ഈ ആക്ടിലെ 72-ാം വകുപ്പിന് വിരുദ്ധമായിട്ടാണ് ഇവിടെ സർക്കാർ എക്സിക്യൂട്ടീവ് ഉത്തരവ് ഇറക്കിയിരിക്കുന്നത്. ഈ സർവ്വകലാശാല നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് മറ്റ് സർവ്വകലാശാലകളിൽ ഡിസ്റ്റൻസ് മോഡിലുള്ള അഡ്മിഷനോ രജിസ്ട്രേഷനോ നൽകാൻ പാടില്ലെന്ന് ഈ ആക്ടിന്റെ 72-ാം വകുപ്പിൽ വളരെ കൃത്യമായി പറഞ്ഞിരിക്കുന്നു. അതിനെ മറികടക്കുന്നതിനുവേണ്ടിയാണ്....... നിയമസഭ പാസ്സാക്കിയ ഒരു ആക്ടിൽ, ഒരു വകുപ്പിൽ, ഒരു പ്രൊവിഷനിൽ പറഞ്ഞിരിക്കുന്ന കാര്യത്തിന് വിരുദ്ധമായി ഒരു ഉത്തരവ് ' Removal of Difficulties' പ്രൊവിഷൻ ഉപയോഗിച്ചുകൊണ്ട് ഇറക്കിയിരിക്കുന്നത് ക്രമവിരുദ്ധമാണ്. അതിനുതന്നെ ഉപയോഗിച്ചിരിക്കുന്ന മാർഗ്ഗം, ഗസറ്റ് ഉത്തരവിലൂടെ വരണമെന്നിരിക്കെ എക്സിക്യൂട്ടീവ് ഓർഡറിലൂടെ ചെയ്തിരിക്കുന്നത് രണ്ടാമത്തെ ക്രമവിരുദ്ധതയാണ്. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം എസ്.ആർ.ഒ. പുറപ്പെടുവിച്ച് സഭയുടെ പരിഗണനയിൽകൊണ്ടുവരുന്നതിനുപകരം ക്രമവിരുദ്ധമായി എക്സിക്യൂട്ടീവ് ഓർഡർ ഇറക്കിയതുമൂലം സഭയുടെചട്ടം 166

പ്രകാരമുള്ള സഭയുടെ അവകാശം നിഷേധിക്കുന്നതും ഈ സഭയോടുള്ള അവഹേളനവുമാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):സർ, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് വകുപ്പ് 72(1)-ന്റെ പ്രാബല്യത്തീയതി മുതൽ വിദൂരവിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയോ ഉള്ള പഠനകോഴ്സുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല മുഖേനയല്ലാതെ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുമൂലം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതാണെന്ന് നിയമത്തിന്റെ വകുപ്പ് 63-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ വിവിധ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

തുടർന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തിയാക്കിയശേഷം യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യുക്കേഷൻ ബ്യൂറോയുടെ അനുമതി ലഭിച്ചശേഷം മാത്രമേ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ തുടങ്ങാൻ സാധിക്കൂ. ഡിസ്റ്റൻസ് എഡ്യുക്കേഷൻ ബ്യൂറോയുടെ അനുമതിക്ക് കാലതാമസമുണ്ടായാൽ വിദൂര വിദ്യാഭ്യാസം മുഖേനയുള്ള കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികളുടെ പഠനാവസരം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അതിനുവേണ്ടി നിലവിൽ ഇത്തരം കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ പ്രസ്തുത കോഴ്സുകൾ തുടർന്നും നടത്തുന്നതിലേയ്ക്കായാണ് നിയമത്തിലെ 63-ാം വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവിറക്കിയത്. വിദൂര വിദ്യാഭ്യാസ കോഴ്സുകളിൽ പഠനം ആഗ്രഹിക്കുന്ന കുട്ടികളുടെ മികച്ച പഠനം ഉറപ്പുവരുത്തുകയാണ് ആക്ടിന്റെ അന്തഃസത്ത. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് പ്രകാരം വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവ്

പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥ ഉപയോഗിച്ചുകൊണ്ട് വിദൂര വിദ്യാഭ്യാസ രജിസ്ട്രേഷൻ മുഖേന വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്ദേശിച്ച് സർക്കാർ സ്വീകരിച്ച നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമായതിനാൽ സഭയുടെ അവകാശം ലംഘിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല. യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കാതെ നിയമത്തിലെ 72-ാം വകുപ്പിലെ 1-ാം ഉപവകുപ്പിലെ വ്യവസ്ഥ നടപ്പിലാക്കുന്നപക്ഷം ഇതര സർവ്വകലാശാലകളിൽ വിദൂരവിദ്യാഭ്യാസത്തിനോ തുടർ വിദ്യാഭ്യാസത്തിനോ ഈ വർഷം പ്രവേശനം സാധിക്കാതെ വരുമെന്നത് ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയെ ദോഷകരമായി ബാധിക്കുമെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും അങ്ങനെ നിയമത്തിലെ 72-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് നടപ്പാക്കുന്നതിൽ വൈഷമ്യം നേരിട്ടതിനാലും നിയമത്തിലെ 63-ാം വകുപ്പിലെ വൈഷമ്യം നീക്കം ചെയ്യുന്നതിന് സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. തുടർന്ന് ഗസറ്റിൽ വിജ്ഞാപനം ചെയ്യാനുള്ള തുടർനടപടികളാരംഭിക്കുകയും

ആ നടപടി പൂർത്തീകരിച്ച് എസ്.ആർ.ഒ. 559/21, 590/21 ആയി ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്.